**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 690** **05-10-2021 - ൽ മറുപടിയ്ക്ക്**

**'സുഭിക്ഷകേരളം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എ. രാജ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കാനായി സർക്കാർ പ്രഖ്യാപിച്ച 'സുഭിക്ഷകേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുവാനായി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് പ്രധാനമായും മാതൃകാകൃഷിത്തോട്ടം സജ്ജീകരിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലം എങ്കിലും എടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപന ങ്ങൾ നേരിട്ട് സജ്ജീകരിക്കുന്നു. ഇതു കൂടാതെ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുക, സ്വയം സഹായ ഗ്രൂപ്പുകൾ/യുവജനങ്ങൾ എന്നിവർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാ ലഭ്യത ഉറപ്പ് വരുത്തുക, സംഘം അടിസ്ഥാനത്തിൽ കാർഷിക ഉല്പന്ന ങ്ങളുടെ വിപണനം ആരംഭിക്കുക എന്നിവയും ഉൾപ്പെടുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും, കർഷകർ സ്വാശ്രയ ഗ്രൂപ്പുകൾ/ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്കാവശ്യമായ കാർഷിക വായ്പാ വിതരണം നടത്തുന്നത് സഹകരണ സ്ഥാപനങ്ങളാണ്. വായ്പകൾക്കു വേണ്ടി അതാത് പ്രദേശത്തെ പ്രാഥമിക വായ്പാ സംഘങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്. ഇത്തരം അപേക്ഷ കളിലുള്ള പരിശോധന കൃഷി വകുപ്പ് അതാതു കൃഷിഭവനുകൾ മുഖാന്തിരവും, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ബ്ലോക്ക്തല ഉദ്യോഗ സ്ഥർ മുഖാന്തിരമോ ശുപാർശ ചെയ്ത് ഗുണഭോക്താവിന്റെ വിവരം പ്രാഥമിക വായ്പാ സംഘത്തിന് കൈമാറേണ്ട താണ്. കാർഷിക പ്രവർത്തനങ്ങൾ ക്കാവശ്യമായ |

| | | | |
|---|---|---|---|
| | | | വിത്ത്, വളം, ജൈവ വളങ്ങൾ, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കിയും, അല്ലെങ്കിൽ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമോ സഹകരണ സംഘങ്ങൾ വഴി ഉറപ്പ് വരുത്തുന്നു. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നിവയുമായി ഏകോപിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 14 ജില്ലയിലും സഹകരണ സ്ഥാപനങ്ങൾ മുഖേന മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന 3217.175 ഏക്കർ സ്ഥലത്ത് 1,851 കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുക യുണ്ടായി. ഇതു കൂടാതെ 26,176 കർഷകർക്ക് 23,952.7 ലക്ഷം രൂപ വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി നടപ്പിലാക്കിയതുവഴി സംസ്ഥാനത്ത് ഭക്ഷ്യകാർഷിക വിളകളുടെ ഉല്പാദനത്തിലും കൃഷിയോടുള്ള ജനങ്ങളുടെ സമീപനത്തിലും മാറ്റങ്ങൾ പ്രകടമാണോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രകടമാണ്. കൂടുതൽ കർഷകർ ഈ മേഖലയിൽ കടന്നുവരികയും, ഭക്ഷ്യ കാർഷിക വിളകളുടെ ഉല്പാദനത്തിലും വർദ്ധനവുണ്ടായിട്ടുമുണ്ട്. ധാരാളം ജനങ്ങൾക്ക് ഇതുമൂലം തൊഴില വസരങ്ങൾ ലഭ്യമായി. ഭക്ഷ്യോല്പാദന രംഗത്ത് ഒരു പരിധി വരെ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞു. ധാരാളം തരിശ് സ്ഥലങ്ങൾ കൃഷിക്കായി വിനിയോഗിക്കപ്പെട്ടു. സഹകരണ സംഘങ്ങൾ വായ്പകൾ നൽകിയതുവഴി കൂടുതൽ ആൾക്കാർ കാർഷിക വൃത്തിയിലേക്ക് കടന്നു വന്നിട്ടുണ്ട്. ഉല്പാദനശേഷി കൂടിയ വിത്ത്, തൈ ഉല്പാദനം ഊർജ്ജിത മാക്കിയും സൗജന്യമായി വിതരണം ചെയ്യുകയും വഴി ഉല്പാദനം, ലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞതായി കാണാം. |

സെക്ഷൻ ഓഫീസർ